**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 149** **08-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ വി ശശി,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ പി എസ് സുപാൽ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് കാലഘട്ടത്തിനുശേഷം സ്വകാര്യ വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ അമിതമായ വർദ്ധനവ് ഗതാഗതക്കുരുക്കും അപകടങ്ങളും വർദ്ധിക്കുന്നതിന് കാരണമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2018, 2019 കാലയളവിൽ പ്രതിവർഷം സംസ്ഥാനത്ത് 9 മുതൽ 10 ലക്ഷം പുതിയ വാഹനങ്ങൾ ആണ് രജിസ്റ്റർ ചെയ്തിരുന്നത്. കോവിഡ് ബാധിതമായ 2020 ൽ ഇത് 6.40 ലക്ഷമായി ചുരുങ്ങുകയുണ്ടായി. എന്നാൽ 2021 ലും 2022 ലും ഏഴര ലക്ഷം പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഇത് സൂചിപ്പിക്കുന്നത് കോവിഡിന് മുൻപ് പ്രതിവർഷം രജിസ്റ്റർ ചെയ്തിരുന്ന സ്വകാര്യ വാഹനങ്ങളെക്കാൾ കുറവാണ്, കോവിഡാനന്തര കാലഘട്ടത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് എന്നാണ്. എന്നിരുന്നാലും സംസ്ഥാനത്തെ റോഡുകളിൽ വാഹന സാന്ദ്രത കൂടുന്നതായും, തന്മൂലം അപകടങ്ങൾ വർദ്ധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് കാലത്തിനു മുൻപ് 2019 ൽ സംസ്ഥാനത്ത് 41111 അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2022 ൽ അത് 43,968 ആയി വർദ്ധിച്ചിട്ടുണ്ട്. എന്നിരുന്നാലും വിവിധ റോഡ് സുരക്ഷ പ്രവർത്തനങ്ങളുടെ ഫലമായി അപകട മരണങ്ങളിൽ ഈ കാലയളവിൽ 5% കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തി ഫസ്റ്റ് മൈൽ-ലാസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | പൊതുഗതാഗതം പ്രോത്സാഹിപ്പിക്കാനും വാഹനപെരുപ്പം നിയന്ത്രിക്കുന്നതിനുമായി ചെറിയ ബസ്സുകൾ ഉപയോഗിച്ച് ഇടറോഡുകൾ റസിഡൻഷ്യൽ ഏരിയ എന്നിവിടങ്ങളിൽ നിന്നും ജനങ്ങളെ പ്രധാന ബസ് സ്റ്റോപ്പുകളിൽ എത്തിക്കുന്നതിനായി തിരുവനന്തപുരത്ത് മണ്ണന്തല മുതൽ തിരുമല വരെ ആദ്യ ഫീഡർ സർവ്വീസ് 2023 ജനുവരി 16-ന് തുടങ്ങി. റീ-ചാർജ്ജ് ചെയ്ത് ഉപയോഗിക്കാവുന്ന ട്രാവൽ കാർഡുകളു പയോഗിക്കുന്നതിനാൽ ഡ്രൈവർ മാത്രമേ ടി സർവ്വീസിന് ആവശ്യമുള്ളൂ. നിലവിൽ രണ്ട് ബസ്സുകൾ |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചുള്ള ഈ സർവ്വീസ് സംസ്ഥാന വ്യാപകമാക്കുന്നതോടെ ഫസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പാക്കാൻ സാധിക്കും. ചെറിയ വാഹനങ്ങളെ കൂടി ഉൾപ്പെടുത്തി സമഗ്രമായ ഒരു ഗതാഗത നയം രൂപീകരിക്കേണ്ടതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ഓപ്പറേറ്റ് ചെയ്തു വരുന്ന ഓട്ടോറിക്ഷകൾ, 12 മുതൽ 18 വരെ സീറ്റുകളുള്ള ടെമ്പോ ട്രക്കർ, മിനി ബസ്സുകൾ എന്നിവ ഉപയോഗപ്പെടുത്തി ഏര്യാ നോട്ടിഫിക്കേഷൻ (സമ്പൂർണ്ണ ദേശസാൽകൃത മേഖല) ഉള്ള പ്രദേശങ്ങളിലെയും ഇടുങ്ങിയ റോഡുകളുള്ള പ്രദേശങ്ങളിലേയും യാത്രക്കാരെ കയറ്റി ഏറ്റവും അടുത്തുള്ള പ്രധാനപ്പെട്ട റൂട്ടിൽ എത്തിച്ച് കെ.എസ്.ആർ.ടി.സി ബസ്സുകൾക്ക് ഫീഡറായി പ്രവർത്തിക്കുന്നതിനും ഇത്തരം വാഹനങ്ങളെ കെ.എസ്.ആർ.ടി.സി വ്യവസ്ഥകൾക്ക് വിധേയമായി ഏറ്റെടുത്ത് പെർമിറ്റ് നല്കി ഓപ്പറേറ്റ് ചെയ്യുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. |
| (സി) | സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിനായി കെ.എസ്.ആർ.ടി.സി. ആരംഭിച്ച ഫീഡർ സർവീസ് സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) | പൊതുഗതാഗതം പ്രോത്സാഹിപ്പിക്കാനും വാഹനപെരുപ്പം നിയന്ത്രിക്കുന്നതിനുമായി ചെറിയ ബസ്സുകൾ ഉപയോഗിച്ച് ഇടറോഡുകൾ റസിഡൻഷ്യൽ ഏരിയ എന്നിവിടങ്ങളിൽ നിന്നും ജനങ്ങളെ പ്രധാന ബസ് സ്റ്റോപ്പുകളിൽ എത്തിക്കുന്നതിനായി തിരുവനന്തപുരത്ത് മണ്ണന്തല മുതൽ തിരുമല വരെ ആദ്യ ഫീഡർ സർവ്വീസ് 2023 ജനുവരി 16-ന് തുടങ്ങി. റീ-ചാർജ് ചെയ്ത് ഉപയോഗിക്കാവുന്ന ട്രാവൽ കാർഡുകളു പയോഗിക്കുന്നതിനാൽ ഡ്രൈവർ മാത്രമേ ടി സർവ്വീസിന് ആവശ്യമുള്ളൂ. നിലവിൽ രണ്ട് ബസ്സുകൾ ഉപയോഗിച്ചുള്ള ഈ സർവ്വീസ് സംസ്ഥാന വ്യാപകമാക്കുന്നതോടെ ഫസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പാക്കാൻ സാധിക്കും. ചെറിയ വാഹനങ്ങളെ കൂടി ഉൾപ്പെടുത്തി സമഗ്രമായ ഒരു ഗതാഗത നയം രൂപീകരിക്കേണ്ടതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ഓപ്പറേറ്റ് ചെയ്തു വരുന്ന ഓട്ടോറിക്ഷകൾ, 12 മുതൽ 18 വരെ സീറ്റുകളുള്ള ടെമ്പോ ട്രക്കർ, മിനി ബസ്സുകൾ എന്നിവ ഉപയോഗപ്പെടുത്തി ഏര്യാ നോട്ടിഫിക്കേഷൻ (സമ്പൂർണ്ണ ദേശസാൽകൃത മേഖല) ഉള്ള പ്രദേശങ്ങളിലെയും ഇടുങ്ങിയ റോഡുകളുള്ള പ്രദേശങ്ങളിലേയും യാത്രക്കാരെ കയറ്റി ഏറ്റവും അടുത്തുള്ള പ്രധാനപ്പെട്ട റൂട്ടിൽ എത്തിച്ച് കെ.എസ്.ആർ.ടി.സി ബസ്സുകൾക്ക് ഫീഡറായി പ്രവർത്തിക്കുന്നതിനും ഇത്തരം വാഹനങ്ങളെ കെ.എസ്.ആർ.ടി.സി വ്യവസ്ഥകൾക്ക് വിധേയമായി ഏറ്റെടുത്ത് പെർമിറ്റ് |

| | | | |
|---|---|---|---|
| | | | നല്കി ഓപ്പറേറ്റ് ചെയ്യുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. |
| (ഡി) | ദൈനംദിന ഓഫീസ്, വാണിജ്യ ആവശ്യങ്ങൾക്കായി പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗിക്കുന്ന യാത്രക്കാർക്ക് ടിക്കറ്റുകൾക്ക് പകരം ട്രാവൽ കാർഡുകൾ ഏർപ്പെടുത്തുന്ന നടപടികളുടെ പുരോഗതി വിശദമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യിലെ യാത്രക്കാരുമായി ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ടിക്കറ്റുകൾക്ക് പകരം കെ.എസ്.ആർ.ടി.സി സ്മാർട്ട് ട്രാവൽ കാർഡുകൾ പുറത്തിറക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ